**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3107** **25-10-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം രംഗത്തെ കോവിഡാനന്തര പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനം ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | 2020 ൽ സംസ്ഥാനത്ത് ബാധിച്ച കോവിഡ് മഹാമാരി സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ഗുരുതരമായ സാമ്പത്തിക ആഘാതം ആണ് സൃഷ്ടിച്ചത്. വിശദമായ സ്ഥിതിവിവര കണക്കുകൾ ചുവടെ പ്രതിപാദിക്കുന്നു .<br>വിനോദസഞ്ചാരമേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം സംസ്ഥാനം സന്ദർശിക്കുന്ന ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആണ്. 2019 ലെ സ്ഥിതിവിവരകണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2020 കലണ്ടർ വർഷം വിദേശവിനോദസഞ്ചാരികളുടെ വരവിൽ 71.36 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. ആഭ്യന്തരവിനോദസഞ്ചാരികളുടെ വരവിലും 72.86 ശതമാനം ഇടിവ് ഉണ്ടായി. വിദേശനാണ്യ വരുമാനത്തിൽ 2019 വർഷവുമായി താരതമ്യം ചെയുമ്പോൾ 7000 ൽ പരം കോടി രൂപയുടെയും ആകെ വരുമാനത്തിൽ (വിദേശനാണ്യം+ ആഭ്യന്തര ടൂറിസം + indirect വരുമാനം ) 33500 കോടി രൂപയുടെയും ഏകദേശ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2021 വർഷവും കോവിഡ് മഹാമാരിയുടെ ആഘാതം ടൂറിസം മേഖലയിൽ തുടരുകയാണ്. 2021 കലണ്ടർ വർഷത്തെ ജൂൺ വരെ ഉള്ള വിനോദസഞ്ചാരികളുടെ വരവിന്റെ സ്ഥിതിവിവര കണക്കുകളാണ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2019ലെ സഞ്ചാരികളുടെ വരവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 12,000 കോടിയോളം രൂപയുടെ നേരിട്ടുള്ള നഷ്ടം (Direct Loss) ഉണ്ടായതായും അനുമാനിക്കുന്നു. മേൽവിശദമാക്കിയ നഷ്ടകണക്കുകളിൽ സ്വകാര്യവിനോദസഞ്ചാര മേഖലക്കുണ്ടായ നഷ്ടം കൂടി ഉൾപ്പെടും. സ്വകാര്യ വിനോദസഞ്ചാര മേഖലക്ക് |

| | | | |
|---|---|---|---|
| | | | മാത്രം ഉണ്ടായിട്ടുള്ള നഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല. |
| (ബി) | 2019-20 സാമ്പത്തിക വർഷത്തിൽ എത്രമാത്രം വരുമാന നഷ്ടം ടൂറിസം മേഖലക്ക് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ; ഈ കാലയളവിൽ സ്വകാര്യ ടൂറിസം മേഖലയ്ക്കുണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | 2020 ൽ സംസ്ഥാനത്ത് ബാധിച്ച കോവിഡ് മഹാമാരി സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ഗുരുതരമായ സാമ്പത്തിക ആഘാതം ആണ് സൃഷ്ടിച്ചത്. വിശദമായ സ്ഥിതിവിവര കണക്കുകൾ ചുവടെ പ്രതിപാദിക്കുന്നു . വിനോദസഞ്ചാരമേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം സംസ്ഥാനം സന്ദർശിക്കുന്ന ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആണ്. 2019 ലെ സ്ഥിതിവിവരകണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2020 കലണ്ടർ വർഷം വിദേശവിനോദസഞ്ചാരികളുടെ വരവിൽ 71.36 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. ആഭ്യന്തരവിനോദസഞ്ചാരികളുടെ വരവിലും 72.86 ശതമാനം ഇടിവ് ഉണ്ടായി. വിദേശനാണ്യ വരുമാനത്തിൽ 2019 വർഷവുമായി താരതമ്യം ചെയുമ്പോൾ 7000 ൽ പരം കോടി രൂപയുടെയും ആകെ വരുമാനത്തിൽ (വിദേശനാണ്യം+ ആഭ്യന്തര ടൂറിസം + indirect വരുമാനം ) 33500 കോടി രൂപയുടെയും ഏകദേശ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2021 വർഷവും കോവിഡ് മഹാമാരിയുടെ ആഘാതം ടൂറിസം മേഖലയിൽ തുടരുകയാണ്. 2021 കലണ്ടർ വർഷത്തെ ജൂൺ വരെ ഉള്ള വിനോദസഞ്ചാരികളുടെ വരവിന്റെ സ്ഥിതിവിവര കണക്കുകളാണ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2019ലെ സഞ്ചാരികളുടെ വരവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 12,000 കോടിയോളം രൂപയുടെ നേരിട്ടുള്ള നഷ്ടം (Direct Loss) ഉണ്ടായതായും അനുമാനിക്കുന്നു. മേൽവിശദമാക്കിയ നഷ്ടകണക്കുകളിൽ സ്വകാര്യവിനോദസഞ്ചാര മേഖലക്കുണ്ടായ നഷ്ടം കൂടി ഉൾപ്പെടും. സ്വകാര്യ വിനോദസഞ്ചാര മേഖലക്ക് മാത്രം ഉണ്ടായിട്ടുള്ള നഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത നഷ്ടം നികത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സ്വകാര്യ ടൂറിസം മേഖലയ്ക്ക് എന്തെല്ലാം തരത്തിൽ ആശ്വാസം നൽകിയെന്ന് വിശദീകരിക്കാമോ; | (സി) | കോവിഡ് 19 ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെൻറ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇത് വിനോദസഞ്ചാരമേഖലയിലെ നിരവധി |

| | | | |
|---|---|---|---|
| | | | നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളുടെ തുടർച്ചയ്ക്കായുള്ള പുനരുജ്ജീവന പാക്കേജുകൾ സർക്കാർ പരിഗണനയിലാണ്. സംസ്ഥാനത്ത് കോവിഡ് മൂലം പ്രയാസമനുഭവിക്കുന്ന വിവിധ ടൂറിസം മേഖലയിലുള്ളവർക്ക് സഹായകരമാകുന്ന വിവിധ ധനസഹായ പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു. റിവോൾവിംഗ് ഫണ്ട് പദ്ധതി മഹാമാരിയുടെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയെ സഹായിക്കുന്നതിനുള്ള പാക്കേജിനായി 2021-22 ലെ പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി കോവിഡ് മൂലം പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും, ഗൈഡുകളെയും സാമ്പത്തികമായി സഹായിക്കുന്നതിനായി ഒരു റിവോൾവിംഗ് ഫണ്ട് പദ്ധതി നടപ്പാക്കാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അംഗീകൃത ടൂറിസം സംഘടനകളിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, ഉത്തരവാദിത്ത ടൂറിസം മിഷന് കീഴിലുള്ള യൂണിറ്റുകൾക്കും വ്യക്തികൾക്കും, അംഗീകൃത ഗൈഡുകൾക്കും പലിശയോ ഈടോ ഇല്ലാതെ 10,000/- രൂപ വീതം വായ്പ അനുവദിക്കുന്ന പദ്ധതിയാണിത്. വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ അസിസ്റ്റൻറ് സ്കീം ടൂറിസം സംരംഭകർക്കായി കെ.എഫ്.സി. മുഖാന്തിരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 400 കോടി രൂപയുടെ പദ്ധതിയാണ് ഇത്. ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അനുയോജ്യമായ ഒരു രൂപരേഖ തയ്യാറാക്കാൻ കെ.എഫ്.സിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലായ ട്രാവൽ & ടൂറിസം ഓപ്പറേറ്റർമാരെ സഹായിക്കുന്നതിനായി ഒറ്റത്തവണ ധനസഹായ പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ആണ്. കൂടാതെ സമൂഹ മാധ്യമങ്ങളിലൂടെ കോവിഡാനന്തര മാർക്കറ്റിംഗ് നടത്തുന്നതിനായി മാർക്കറ്റിംഗ് ഡെവലപ്പമെന്റ് അസിസ്റ്റന്റ് സ്കീം സർക്കാരിന്റെ പരിഗണനയിൽ ആണ്. |
| (ഡി) | സർക്കാർ-സ്വകാര്യ മേഖലകളിൽ പ്രസ്തുത കാലയളവിലുണ്ടായ തൊഴിൽ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | തൊഴിൽ നഷ്ടം സംബന്ധിച്ച പഠനങ്ങൾ ഒന്നും തന്നെ പ്രത്യേകമായി നടത്തിയിട്ടില്ല. എന്നിരുന്നാലും സഞ്ചാരികളുടെ വരവിലും വരുമാനത്തിലും ഉണ്ടായ ഗണ്യമായ കുറവ് തൊഴിൽ മേഖലയെയും സാരമായി ബാധിച്ചിട്ടുണ്ട് എന്ന് അനുമാനിക്കാം. |

സെക്ഷൻ ഓഫീസർ